വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ

207 (8268) ശ്രീ. പാലോട് രവി :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇവിടങ്ങളിൽ പദ്ധതി യനുസരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) പദ്ധതികൾക്കായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും ഭ്രപ്രകൃതിക്ക് അനുയോജ്യമായ ടൂറിസം വികസനം സാധ്യമാക്കുന്നതിനുമായി ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(സി) 2012-13 വർഷം 180.532 കോടി രൂപയും 2013-14 വർഷത്തിൽ 214.89 കോടി രൂപയും വകയിരുത്തി. 2014-15 സാമ്പത്തിക വർഷം 210.85 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ഡി) ഭരണാനുമതി നൽകിയ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ നിർവ്വഹണ ഏജൻസികളെ അവലോകനം ചെയ്യുകയും ആവശ്യമായ യോഗങ്ങൾ ചേരുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പുരോഗതി വിലയിരുത്തുവാൻ ജില്ലാതലത്തിൽ മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ട്. എൽ.ബി.എസ്. മുഖേന നടപ്പാക്കിവരുന്ന ഈ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. 14 ജില്ലകളിലെയും വിനോദസഞ്ചാര വകുപ്പിന്റെ ജില്ലാ ഓഫീസുകൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

വിനോദസഞ്ചാരവകുപ്പിന്റെ പ്രവർത്തന മികവ്

208 (8269) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തന മികവ് കണക്കിലെടുത്ത് ഈ സർക്കാരിന്റെ കാലത്ത് അവാർഡുകൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) യു.എൻ.ഒ.-യുമായി ബന്ധപ്പെട്ട ഏതെങ്കിലും ഏജൻസികളുടെ അവാർഡ് വിനോദസഞ്ചാര വകുപ്പിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തന മികവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് വിവിധ വിഭാഗങ്ങളിലായി താഴെ പ്പറയുന്ന പ്രധാന അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

2011

1. *Travel & Leisure Award :*

* Best Indian State 2011

* Best Green Destination 2011

LIBRARY ARCHIVES Kerala Legislative Assembly